(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ചുള്ള ഉത്തരവ് 25-1-1955-ലെ 4-ാം നമ്പർ ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

* 363. [64] ശ്രീ. ഇ. ജെ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെന്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ലഭിക്കുന്ന ശമ്പളവും അലവൻസും കൊടുക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതിലേയ്ക്ക് ആവശ്യമായ ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണു്.

(ബി) അവസാനതീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് സഹായങ്ങൾ.

* 364. [65] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954-55-ൽ നമ്മുടെ സംസ്ഥാനത്തു് എത്രപേർ സിലോണിൽനിന്നു് സ്ഥിരതാമസം മാറി വന്നിട്ടുണ്ടെന്നു പറയാമോ;

(ബി) സിലോണിൽനിന്നും ഇൻഡ്യൻ വംശീയരായവരെ കൂട്ടത്തോടെ പുറത്താക്കിവരുന്നു എന്ന പരാതി ഗവണ്മെൻറിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇക്കാര്യം ഇൻഡ്യാഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് ഇവിടെ ആവശ്യമായ സഹായങ്ങൾ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല.

(ബി) ഇല്ല.

(സി) സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

കൈത്തറിനെയ്ത്തുവേതനം.

* 365. [66] പി. ടി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് 1955-ൽ കൈത്തറിനെയ്ത്തുവേതനം ആസൂത്രിക്കുന്നതിനു് ഗവണ്മെൻറ് എത്ര രൂപ ചെലവാക്കി;

LIBRARY ARCHIVES Kerala Legislative Assembly